2/2/23

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.851(5)/2020/SIC**
**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No. 11517/SIC-G7/2020**
**തീയതി : 30.12.2022**
**സന്നിഹിത**
**ശ്രീമതി. ശ്രീലത പി. ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| ശ്രീമതി. മിനി ജെ.,<br>റ്റി.സി.18/1591(6), പി.പി.പ്രസ് റോഡ്,<br>ആറാമട പി.ഒ. | പരാതി ഹർജിക്കാരി |
| Vs | |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,<br>തിരുവനന്തപുരം നഗരസഭാ കാര്യാലയം,<br>മെയിൻ ഓഫീസ്, പാളയം, വികാസ്ഭവൻ പി.ഒ,<br>തിരുവനന്തപുരം. | എതിർകക്ഷി |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷ തീയതി | 06.05.2020 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | nil |
| കമ്മീഷനിൽ പരാതി കൈപ്പറ്റിയ തീയതി | 22.10.2020 |
| ഹിയറിംഗ് തീയതി | 09.11.2022 |
| എതിർകക്ഷി<br>പരാതി ഹർജിക്കാരി | ഹാജരായിരുന്നു<br>ഹാജരായിരുന്നില്ല |

## ഉത്തരവ്

വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിലൂടെ പരാതി ഹർജിക്കാരി ആവശ്യപ്പെട്ടിരുന്നത്, തിരുവനന്തപുരം കോർപ്പറേഷനിൽ തിരുമല വില്ലേജിൽ റ്റി.സി.18/1591(3) ആയി ARA-18(2) ൽ, കോർപ്പറേഷൻ അനുവദിച്ചതും ഇപ്പോൾ സ്ഥിതി ചെയ്യുന്നതുമായ ഇരുനില കെട്ടിടത്തിന്, കോർപ്പറേഷൻ അംഗീകരിച്ച് നൽകിയ സ്കെച്ചും, പ്ലാനും അതിന്റെ തിട്ടപ്പെടുത്തിയ അളവുകളും അടങ്ങുന്ന റെക്കോർഡിന്റെ ശരി പകർപ്പ് ലഭ്യമാക്കുക എന്നായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് യാതൊരുവിധ മറുപടിയും ലഭ്യമാക്കിയില്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ പരാതി ഹർജി സമർപ്പിച്ചത്. പ്രസ്തുത പരാതി ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ

മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഹാജരായിരുന്നു. പരാതി ഹർജിക്കാരി ഹാജരായിരുന്നില്ല.

2. വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ട രേഖകൾ ലഭിച്ചില്ലെന്നും ഗവൺമെന്റ് ഉദ്യോഗസ്ഥർ മന:പൂർവ്വം വിവരം ലഭ്യമാക്കാതിരിക്കാനും, സാമ്പത്തിക നഷ്ടം വരുത്താനും എതിർകക്ഷിയ്ക്ക് അന്യായമായ സഹായം ചെയ്തു കൊടുക്കുകയാണെന്നും വിവരാവകാശ രേഖകൾ സമയബന്ധിതമായി ലഭ്യമാക്കാത്തതിന് നടപടിയെടുക്കണമെന്നും ടിയാനുണ്ടായ നഷ്ടം കണക്കാക്കി ടി ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കിത്തരണമെന്നും എതിർകക്ഷി രാജേന്ദ്രന്റെ വീടിന്റെ നിയമപരമായി കോർപ്പറേഷന്റെ അപ്രൂവൽ സ്കെച്ച്, പ്ലാൻ, അളവുകൾ എന്നിവ ചേർന്ന വിവരാവകാശ രേഖ കോർപ്പറേഷൻ ഓഫീസിൽ നിന്നും ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്നും അപ്പീൽ ഹർജിക്കാരി കമ്മീഷൻ മുമ്പാകെ കത്ത് മുഖാന്തിരം അറിയിക്കുകയുണ്ടായി.

3. ശ്രീമതി മിനി, റ്റി.സി.18/1591(3) നമ്പർ കെട്ടിടത്തിന്റെ സ്കെച്ചും, പ്ലാനും ആയതിന്റെ അളവുകളും നൽകുന്നതിലേക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷ 06.05.2020 ലെ സെക്ഷനിൽ സമയബന്ധിതമായി ലഭിച്ചിട്ടില്ലെന്നും ആയതിനാൽ അപേക്ഷയിന്മേൽ മറുപടി ലഭ്യമാക്കാൻ കഴിഞ്ഞില്ലെന്നും ആയത് മാപ്പാക്കി തുടർനടപടികൾ സ്വീകരിക്കുന്നതിൽ നിന്നും ഒഴിവാക്കണമെന്നും 16.03.2021 ൽ കമ്മീഷനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ടപ്പോൾ അസിസ്റ്റന്റ് എഞ്ചിനീയർ ഇപ്രകാരം മറുപടി നൽകി. കമ്മീഷന്റെ ഹിയറിംഗ് നോട്ടീസ് ലഭിച്ചിട്ടും വിവരാവകാശ അപേക്ഷയിൽ നടപടി സ്വീകരിക്കുവാൻ എസ്.പി.ഐ.ഒ. തയ്യാറായിട്ടില്ല.

4. വിവരാവകാശ അപേക്ഷയ്ക്ക് കൃത്യമായി മറുപടി ലഭ്യമാക്കാതിരുന്നത് എതിർകക്ഷിയുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി പ്രഥമദൃഷ്ട്യാ കമ്മീഷന് ബോദ്ധ്യപ്പെട്ടു. ഇപ്രകാരം വീഴ്ചവരുത്തിയ പരാമർശിത കാലയളവിലെ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശനിയമം വകുപ്പ് 20(1) പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്ക് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ്

കൈപ്പറ്റി 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു മറുപടിയും ലഭിച്ചിട്ടില്ലെങ്കിൽ എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കുവാനില്ലെന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പ് പ്രകാരമുള്ള അന്തിമ നടപടി സ്വീകരിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ നേരിൽകണ്ട് ബോധിപ്പിക്കുവാനുണ്ടെങ്കിൽ അക്കാര്യം ടിയാന്റെ വിശദീകരണത്തിൽ പ്രത്യേകം സ്പഷ്ടമാക്കേണ്ടതുമാണ്.

4. പരാതി ഹർജിക്കാരി 06.05.2020 തീയതിയായി സമർപ്പിച്ച വിവരാവകാശ അപേക്ഷ വിശദമായി പരിശോധിച്ച് കൃത്യവും വ്യക്തവുമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ടിയാരിയ്ക്ക് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ പരാതി ഹർജിയിന്മേൽ ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 -ാം തീയതി ഉത്തരവാകുന്നു.

**ഒപ്പ്)**
**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ഫിനാൻസ് എക്സ്പേർട്ട്**

**JN**